നൽകുവാൻ അവസരമുണ്ടായിരുന്നു. മൊത്തം ലഭിച്ച അപേക്ഷകരിൽനിന്നും മുകളിൽ സൂചിപ്പിച്ച മാനദണ്ഡമനുസരിച്ചായിരുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിരുന്നത്. എന്നാൽ ഈ അദ്ധ്യായന വർഷം (2015-16) കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ എന്ന വെബ്സൈറ്റ് തുടങ്ങുകയും അതിൽ ഹയർസെക്കണ്ടറിയിൽനിന്നും വൊക്കേഷണൽ ഹയർസെക്കണ്ടറിയിൽ നിന്നും ലഭിച്ച 2015 മാർച്ചിൽ പാസ്സായ കുട്ടികളുടെ പട്ടികയും സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന്റെ മാനദണ്ഡവും അനുസരിച്ച് 80%-ത്തിന് മുകളിൽ മാർക്ക് ലഭിച്ച കുട്ടികളുടെ ഒരു പട്ടിക പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത പട്ടികയിൽ ഉൾപ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അവസരം നൽകിയിട്ടുണ്ട്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി അടുത്ത അദ്ധ്യയന വർഷം മുതൽ 80%-ത്തിനു മുകളിൽ മാർക്ക് ലഭിക്കുന്ന എല്ലാ കുട്ടികൾക്കും അപേക്ഷ നൽകുവാൻ അവസരം നൽകണമെന്ന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

(സി) സെൻട്രൽ സെക്ടർ സ്കോളർഷിപ്പിന് (ഫ്രഷ്) അപേക്ഷിക്കാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് വീണ്ടും ഒരവസരം നൽകുക എന്നത് എം.എച്ച്. ആർ.ഡി.-യുടെ (MHRD) വിവേചനാധികാരമാണ്. ആയതിനാൽ ഈ വിഷയത്തിൽ കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയമാണ് അന്തിമ തീരുമാനമെടുക്കേണ്ടത്.

വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

85(2946) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് സർക്കാർ നിരീക്ഷിക്കാറുണ്ടോ;

(ബി) എറണാകുളം ജില്ലയിൽ എൽ.പി.എസ്.എ. തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും മുഴുവൻ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ കാരണം എന്താണെന്നും വ്യക്തമാക്കുമോ;

(സി) പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച എത്ര ഉദ്യോഗാർത്ഥികൾക്ക് എറണാകുളം ജില്ലയിൽ നിയമനം നൽകാൻ ബാക്കിയുണ്ടെന്നും കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കുമോ;

(ഡി) പ്രസ്തുത ജില്ലയിലെ റാങ്ക് ഹോൾഡർമാർ ജനസമ്പർക്ക പരിപാടിയിൽ സമർപ്പിച്ച നിവേദനം പരിഗണിച്ച് നിയമനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2014-15-ലെ തസ്തിക നിർണ്ണയപ്രകാരം 41 ഒഴിവുകളിൽ 25 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു. ബാക്കിയുള്ള ഒഴിവുകൾ അന്തർജില്ലാ സ്ഥലംമാറ്റം, ബൈടാൻസ്ഫർ എന്നിവയ്ക്കായി മാറ്റിവച്ചിരിക്കുന്നു.

(സി) എറണാകുളം ജില്ലയിൽ പി.എസ്.സി. നിയമന ശിപാർശ അയച്ച ഒരു ഉദ്യോഗാർത്ഥിക്കും നിയമനം നൽകാൻ ബാക്കിയില്ല.

(ഡി) എറണാകുളം ജില്ലയിലെ റാങ്ക് ഹോൾഡർമാരുടെ നിവേദനം സർക്കാരിൽ ലഭിച്ചാലുടൻ നടപടി സ്വീകരിക്കുന്നതാണ്.

അനാദായകരമായ സ്കൂളുകൾ

86(2948) ശ്രീ. എം. ഹംസ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖല പ്രതിസന്ധി നേരിടുന്നുണ്ടോ ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിശദമാക്കാമോ ;

(ബി) സർക്കാർ സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ടോയ്ലറ്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത സ്കൂളുകൾ സംബന്ധിച്ച ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(സി) സംസ്ഥാനത്ത് അനാദായകരമെന്ന് കണക്കാക്കപ്പെട്ട സ്കൂളുകളുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ ; സ്കൂളുകൾ അനാദായകരമാകാനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) അനാദായകരമായതിനാൽ അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന സ്കൂളുകളുടെ എണ്ണം എത്ര ;

(ഇ) പ്രസ്തുത സ്കൂളുകൾ പുനരുജ്ജീവിപ്പിക്കുന്നതിനും വിദ്യാർത്ഥികളെ ആകർഷിക്കുന്നതിനും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ ?